**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 190** **22-07-2021 - ൽ മറുപടിയ്ക്ക്**

**കരകൗശല വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കരകൗശല വികസന കോർപ്പറേഷൻ നിലവിൽ തൊഴിലാളികളിൽ നിന്ന് ഉൽപ്പന്നങ്ങൾ എടുക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൊഴിലാളികളിൽ നിന്നും സംഭരിച്ച ഉൽപ്പന്നങ്ങളുടെ വില ഇനത്തിൽ എത്ര കോടി രൂപ തൊഴിലാളികൾക്ക് കുടിശ്ശികയായി നൽകുവാൻ ഉണ്ടെന്ന് അറിയിക്കാമോ; കുടിശ്ശിക ഉണ്ടാവാനുള്ള കാരണം വെളിപ്പെടുത്തുമോ; | (എ) | കരകൗശലവികസന കോർപ്പറേഷൻ തൊഴിലാളികളിൽ നിന്നും ആവശ്യാനുസരണം ഉൽപ്പന്നങ്ങൾ ഇപ്പോഴും സംഭരിക്കുന്നുണ്ട്. തൊഴിലാളികളിൽ നിന്നും സംഭരിച്ച ഉൽപ്പന്നങ്ങളുടെ വില ഇനത്തിൽ 6.25 കോടി രൂപ കുടിശ്ശികയുണ്ട്. ഇതിൽ 4 കോടിയോളം രൂപ 2016 ന് മുമ്പുണ്ടായ ബാധ്യതയാണ്. 2016 മുതൽ വാങ്ങുന്ന ഉൽപ്പന്നങ്ങളുടെ തുക തടസ്സം കൂടാതെ നൽകിയിരുന്നു. എന്നാൽ കോവിഡ് കാരണം വിൽപ്പനശാലകൾ പൂർണ്ണമായും അടച്ചിട്ടതിനാൽ വിൽപ്പന നടക്കാത്തതു കാരണം കുടിശ്ശിക ഉണ്ടായിട്ടുണ്ട്. വിൽപ്പന നടക്കുന്ന മുറയ്ക്ക് ഈ തുക കൊടുത്തുതീർക്കുന്നതാണ്. |
| (ബി) | കരകൗശല വിദഗ്ധർക്ക് ടൂൾകിറ്റ് വാങ്ങാനുള്ള കേന്ദ്ര പദ്ധതിയിൽ കേരള കരകൗശല വികസന കോർപ്പറേഷൻ ക്രമക്കേട് നടത്തിയെന്ന പരാതിയിൽ അന്വേഷണം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) | കരകൗശല വിദഗ്ദ്ധർക്ക് ടൂൾ കിറ്റ് വാങ്ങാനുള്ള കേന്ദ്ര പദ്ധതിയിൽ കേരള കരകൗശല വികസന കോർപ്പറേഷനിൽ ക്രമക്കേട് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ പദ്ധതിക്കായി 2016 മാർച്ചിൽ കേന്ദ്രസർക്കാർ അനുവദിച്ച 29.5 കോടി രൂപയിൽ എത്ര കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 2016 മാർച്ചിൽ ക്രേന്ദ്ര സർക്കാർ പദ്ധതി പ്രകാരം കരകൗശല വികസന കോർപ്പറേഷന് വിവിധ പദ്ധതികൾക്കായി 9.09 കോടി രൂപയാണ് ലഭ്യമായത്. പ്രസ്തുത പദ്ധതിയിൻ കീഴിൽ വരുന്ന ഒരു ഘടകം മാത്രമാണ് കരകൗശല വിദഗ്ദ്ധർക്ക് ടൂൾ കിറ്റ് വാങ്ങി നൽകുന്നതിനുള്ള പദ്ധതി. ടൂൾ കിറ്റ് വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 1.12 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിനു കീഴിലുള്ള ഡെവലപ്പ്മെന്റ് കമ്മീഷണർ (ഹാന്റി ക്രാഫ്റ്റ്സി)-ന്റെ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് നടപ്പിലാക്കി യിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയിൽ നിന്നും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വകമാറ്റി ചെലവഴിച്ചത്; കാരണം വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത പദ്ധതികളിൽ നിന്നും തുക ഒന്നും തന്നെ വകമാറ്റി ചെലവാക്കിയിട്ടില്ല. |
| (ഇ) | പദ്ധതിയിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഇ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലാത്തതുമാകുന്നു. എന്നാൽ പദ്ധതിയുടെ ആരംഭഘട്ടത്തിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ കോർപ്പറേഷന്റെ ബോർഡ് തീരുമാനപ്രകാരം വകുപ്പുതല നടപടി സ്വീകരിച്ചുവരികയാണ്. |
| (എഫ്) | കരകൗശല വികസന കോർപ്പറേഷൻ ആർട്ടിക്കിൾ ഇരുപത് ലംഘിച്ചുകൊണ്ട് ഏതെങ്കിലും സർക്കാർ ഉത്തരവിനെ മാനേജിങ് ഡയറക്ടർ ഹൈക്കോടതിയിൽ ചോദ്യം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എം.ഡിയുടെ പേരിൽ നടപടി സ്വീകരിക്കുമോ; | (എഫ്) | സർക്കാരിന്റെ അനുമതിയോടുകൂടി WP© 15129/2020 നമ്പരായി റിവ്യൂ പെറ്റീഷൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ജി) | ഈ കോർപ്പറേഷന്റെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ സംബന്ധിച്ച് ആരോപണങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ, മികച്ച ട്രാക്ക് റെക്കോർഡുള്ള ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ജി) | നിലവിലെ മാനേജിംഗ് ഡയറക്ടർ സർക്കാരിന്റെ റിയാബ് മുഖേനയുള്ള മാനേജിംഗ് ഡയറക്ടർമാരുടെ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വ്യക്തിയാണ്. അദ്ദേഹത്തിനെതിരെ അന്വേഷണങ്ങൾ ഒന്നുംതന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ